**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 29** **23-08-2022 - ൽ മറുപടിയ്ക്ക്**

**സിവിൽ സർവ്വീസ് മെച്ചപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ എ കെ എം അഷ്‌റഫ്,<br>ശ്രീ. യു.എ.ലത്തീഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ചില സർക്കാർ വകുപ്പുകളിൽ കൈക്കൂലി വാങ്ങുന്നതായും അഴിമതി നടത്തുന്നതായും കണ്ടെത്തിയിട്ടുണ്ടോ; | (എ) | ചെറിയ തോതിലെങ്കിലും നിലനിൽക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | സിവിൽ സർവ്വീസ് മെച്ചപ്പെടുത്തുന്നതിനായി സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് നിർബന്ധിത പരിശീലനം നൽകുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | തീരുമാനിച്ചിട്ടുണ്ട്. |
| (സി) | സിവിൽ സർവ്വീസ് ജനോപകാരപ്രദമാക്കുന്നതിനുവേണ്ടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | സംസ്ഥാനത്തെ സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിനും ആധുനികവത്കരി-ക്കുന്നതിനുമായി സമഗ്രമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ലക്ഷ്യമിട്ട് നാലാം ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിച്ചു. കമ്മീഷൻ 13 റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിക്കുകയുണ്ടായി. ഭരണ നവീകരണവും സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കുന്നതിനായുള്ള നിരവധി നിർദ്ദേശങ്ങൾ കമ്മീഷൻ റിപ്പോർട്ടുകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകൾ വിലയിരുത്തി നടപ്പിലാക്കുവാനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി സെക്രട്ടറിമാരുടെ സമിതി രൂപീകരിക്കുകയും പ്രസ്തുത സമിതി നാളിതുവരെ 6 റിപ്പോർട്ടുകൾ പരിശോധിച്ച് ശുപാർശകൾ സമർപ്പിച്ചിട്ടുമുണ്ട്. പ്രസ്തുത ശിപാർശകൾ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ